# സശ്രദ്ധമായ അശ്രദ്ധകൾ

ഉത്തർപ്രദേശ് ഇലക്ഷൻ പ്രചാരണത്തിന്റെ ഭാഗമായി ബി.ജെ.പി പുറത്തിറക്കിയ ഒരു സി.ഡി വൻ വിവാദം സൃഷ്ടിക്കുകയുണ്ടായി. അടിമുടി മുസ്‌ലിം വിരോധത്തിന്റെ വിഷം വമിക്കുന്നതാണീ സി.ഡി. 'മക്കളേ എന്നെ രക്ഷിക്കൂ. ഞാൻ ഇനിയും അടിമപ്പെടണമോ അതോ രാമരാജ്യം പുലരണമോ?' എന്ന ഭാരതാംബയുടെ വിലാപത്തോടെ ആരംഭിക്കുന്ന ഫിലിമിൽ മുഴുക്കെ ചിത്രീകരിച്ചിരിക്കുന്നത് പാകിസ്താന്റെ സഹായത്തോടെ രാജ്യത്ത് ഭീകര വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്ന, ഹിന്ദുയുവതികളെ തട്ടിക്കൊണ്ടുപോയി ബലാൽക്കാരം മതംമാറ്റി വിവാഹം ചെയ്യുന്ന, ഹിന്ദുക്കൾ ആദരിച്ചു വളർത്തുന്ന പശുക്കളെ തട്ടിക്കൊണ്ടുപോയി കശാപ്പ് ചെയ്യുന്ന, നാലു വീതം കെട്ടി 35 വീതം മക്കളെ പെറ്റുപെരുക്കുന്ന, ഹിന്ദുവിരുദ്ധരെയും രാജ്യദ്രോഹികളെയും പരിശീലിപ്പിച്ചെടുക്കുന്ന മദ്റസകൾ നടത്തുന്ന മുസ്‌ലിംകളെയാണ്. 'വന്ദേമാതര'ത്തിന്റെ പ്രചോദനത്താൽ, ഈ രാജ്യദ്രോഹികളെ നാം നാട്ടിൽനിന്നു പുറത്താക്കുകതന്നെ ചെയ്യുമെന്ന പ്രതിജ്ഞയോടെയാണ് ചിത്രം അവസാനിക്കുന്നത്. അതിനുള്ള മാർഗം ബി.ജെ.പിയെ വോട്ട് ചെയ്ത് അധികാരത്തിലേറ്റുകയാണെന്നും സി.ഡി വ്യക്തമാക്കുന്നു. ബി.ജെ.പി ഇതര രാഷ്ട്രീയ പാർട്ടികളെല്ലാം മുസ്‌ലിംകളുടെ രാജ്യദ്രോഹ നടപടികൾക്കുനേരെ കണ്ണടക്കുകയും അവരെ പ്രീണിപ്പിക്കുകയുമാണെന്ന് ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുമുണ്ട്. മുസ്‌ലിംവിരുദ്ധ വികാരം ഇളക്കി വിട്ട് ഹൈന്ദവ വോട്ടുകൾ തങ്ങൾക്കനുകൂലമായി സമാഹരിക്കുകയാണ് സി.ഡിയുടെ ലക്ഷ്യമെന്ന് വ്യക്തം.

ഏപ്രിൽ 3-ന് ചില ടി.വി ചാനലുകൾ സി.ഡിയുടെ മുഖ്യ ദൃശ്യങ്ങൾ പുറത്തുവിട്ടപ്പോൾതന്നെ ഇതര കക്ഷികൾ ഇത് നഗ്നമായ വർഗീയവിദ്വേഷ പ്രചാരണമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇലക്ഷൻ കമീഷനിൽ പരാതിപ്പെടുകയായിരുന്നു. സി.ഡി പരിശോധിച്ച ഇലക്ഷൻ കമീഷൻ അത് സമുദായങ്ങൾക്കിടയിൽ വിദ്വേഷം സൃഷ്ടിക്കുന്ന പ്രചാരണോപാധികൾ തെരഞ്ഞെടുപ്പിൽ സ്വീകരിക്കുന്നതിനെതിരെയുള്ള ജനപ്രാതിനിധ്യനിയമ(1951)ത്തിനും ഇന്ത്യൻ പീനൽകോഡിലെ വകുപ്പുകൾക്കും എതിരാണെന്ന് കണ്ടെത്തുകയും ബി.ജെ.പി നേതൃത്വത്തിനെതിരെ കേസെടുക്കാൻ ലഖ്നൗ പോലീസിന് നിർദേശം നൽകുകയും ചെയ്തു. പ്രകാശനം ചെയ്ത് 24 മണിക്കൂറിനകം സി.ഡി പിൻവലിക്കപ്പെട്ടു. നേതൃത്വത്തെ കാണിക്കാതെയാണ് അത് പുറത്തിറക്കിയതെന്നാണ് കാരണം പറഞ്ഞത്. എന്നാൽ പാർട്ടിയുടെ സമുന്നത നേതാവ് ലാൽജി ടണ്ടനാണ് ഒരു മീഡിയാ കോൺഫറൻസിൽ ഈ സി.ഡി പ്രകാശനം ചെയ്തത്. മറ്റൊരു മുതിർന്ന നേതാവായ കേസരിനാഥ് ത്രിപാഠിയും വേദിയിൽ സന്നിഹിതനായിരുന്നു. പക്ഷേ, അവരും പറയുന്നു, സി.ഡിയുടെ ഉള്ളടക്കം തങ്ങൾക്കറിയില്ലായിരുന്നുവെന്ന്. ബി.ജെ.പിക്കുവേണ്ടി സി.ഡി നിർമിച്ച ഡയറക്ടർ വീരേന്ദ്രസിംഗ് പറയുന്നത്, സി.ഡി പകർത്തുന്ന ഓരോ ഘട്ടത്തിലും ബി.ജെ.പി സംസ്ഥാന നേതൃത്വവുമായി കൂടിയാലോചിക്കുകയും അവരുടെ നിർദേശപ്രകാരം തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തുകയും ചെയ്തിരുന്നുവെന്നാണ്. സി.ഡി പിൻവലിച്ച് ജനങ്ങളോട് അതിനെ അവഗണിക്കാനഭ്യർഥിക്കണമെന്നാണ് ദേശീയ നേതാവ് എൽ.കെ അദ്വാനി പിന്നീട് സംസ്ഥാനനേതൃത്വത്തോടാവശ്യപ്പെട്ടത്. ആരുടെ നിർദേശപ്രകാരം ആരാണ് സി.ഡി തയാറാക്കിയതെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ദേശീയ നേതൃത്വം സംസ്ഥാന ഘടകത്തോട് ഉത്തരവിട്ടിരിക്കുന്നു. പാർട്ടിയുടെ സംസ്ഥാന വക്താവ് മനോജ് മിശ്രയെ തൽസ്ഥാനത്തുനിന്ന് നീക്കുകയും ചെയ്തു. ആകപ്പാടെ ഏതോ പാർട്ടിവിരുദ്ധർ പാർട്ടിക്കുള്ളിൽ കടന്നുകൂടി ചെയ്തുവെച്ച കൊലച്ചതിയാണീ സി.ഡി എന്ന മട്ടിലായിരുന്നു ബി.ജെ.പി നേതൃത്വത്തിന്റെ പ്രകടനം.

ഇലക്ഷൻ കമീഷനു മുമ്പിൽ നിരപരാധിത്വം ചമയാനുള്ള പിത്തലാട്ടങ്ങളാണിതൊക്കെയെന്ന് മനസ്സിലാക്കാൻ ഏറെയൊന്നും ആലോചിക്കേണ്ടതില്ല. സി.ഡിയുടെ പിതൃത്വമേൽക്കാൻ ബി.ജെ.പി തയാറല്ല. എന്നാൽ പാർട്ടിക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും വേണം. ഈ തന്ത്രം ഏറക്കുറെ വിജയിച്ചുവെന്നു വേണം കരുതാൻ. ആക്ഷേപമുയർന്നതോടെ സി.ഡി പിൻവലിച്ചുവെങ്കിലും അതിന്റെ കോപ്പികൾ വൻതോതിൽ വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. വിവാദം തന്നെ സി.ഡിക്ക് നല്ല പ്രചാരണമായിത്തീർന്നു. ഉത്തരവാദിത്വത്തിൽനിന്ന് മാറിനിന്ന് ഫലം കൊയ്യുന്ന ബി.ജെ.പി തന്ത്രം ബാബരി മസ്ജിദ് ധ്വംസനത്തിലും ബോംബെ-ഗുജറാത്ത് കലാപങ്ങളിലും നമ്മൾ കണ്ടതാണ്. വാസ്തവത്തിൽ വിവാദ സി.ഡി പുറത്തിറക്കിയത് കേന്ദ്ര-സംസ്ഥാന നേതൃത്വങ്ങൾ അറിയാതെയാണെന്ന് ആരും കരുതുന്നില്ല. ഇലക്ഷൻ പ്രചാരണാർഥം പാർട്ടി ടി.വി ചാനലുകൾക്കും പത്രങ്ങൾക്കും നൽകിയ പരസ്യങ്ങളോടും പുറത്തിറക്കിയ പ്രകടന പത്രികയോടും തികച്ചും യോജിക്കുന്നതാണീ സി.ഡി. രാമക്ഷേത്രനിർമാണം, അയോധ്യ, കാശി, മഥുര, പ്രയാഗ്‌രാജ് (ഇലാഹാബാദ്) എന്നീ തീർഥാടനകേന്ദ്രങ്ങളുടെ വികസനം, ഗോവധനിരോധം, വന്ദേമാതരവും സൂര്യനമസ്കാരവും യോഗപരിശീലനവും സ്കൂൾ വിദ്യാർഥികൾക്ക് നിർബന്ധമാക്കൽ, മദ്റസാ നിയന്ത്രണം, പ്രത്യേക വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളുടെ നിരാകരണം തുടങ്ങിയവയാണ് പ്രകടനപത്രികയിലെ മുഖ്യവിഷയങ്ങൾ. മുസ്‌ലിംപ്രീണനം, സരസ്വതിവന്ദനത്തോടുള്ള എതിർപ്പ്, ഭീകരർക്ക് അഭയം നൽകൽ തുടങ്ങിയ നടപടികളുടെ പേരിൽ ഇതര പാർട്ടികളെ കുറ്റപ്പെടുത്തുന്നതാണ് പത്രങ്ങളിൽ വന്ന പരസ്യങ്ങളിൽ മിക്കതും. എല്ലാ കുന്തമുനകളും ആരുടെ നേരെയാണ് തിരിയുന്നതെന്ന് വ്യക്തമാണല്ലോ. പ്രകടനപത്രിക മയപ്പെടുത്തിയ വാക്കുകളിലും വ്യംഗ്യമായും പറഞ്ഞ സംഗതികൾ തന്നെയാണ് സി.ഡിയിൽ കടും വർണങ്ങളിൽ ദൃശ്യവൽക്കരിച്ചിരിക്കുന്നത്. ഇലക്ഷൻ കമീഷന്റെ ഇടപെടലിനു പുറമെ, സി.ഡി ഹൈന്ദവവികാരത്തെ തങ്ങളുദ്ദേശിച്ചതിലധികം ആളിക്കത്തിച്ചേക്കുമോ എന്ന ആശങ്കയും അതു പിൻവലിക്കാൻ പാർട്ടിയെ പ്രേരിപ്പിച്ചിട്ടുണ്ടാവാം. ഈ സി.ഡി ഭാരതീയ ജനതാപാർട്ടിയെ 'ഭാരതീയ ദങ്കാ(ലഹള)പാർട്ടി'യാക്കുമെന്ന ലാലുപ്രസാദ് യാദവിന്റെ പ്രസ്താവന ശ്രദ്ധേയമാണ്.

ഇത്തരം സന്ദർഭങ്ങളിൽ പാർട്ടി ചില കരണംമറിച്ചിലുകൾ നടത്തുക സാധാരണമാണ്. ഗുജറാത്ത് കലാപത്താൽ തന്റെ ശിരസ്സ് അപമാനഭാരംകൊണ്ട് കുനിഞ്ഞുപോയെന്ന് വാജ്പേയി പറയുകയുണ്ടായി. ബാബരി മസ്ജിദ് ധ്വംസനദിവസം തന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ദിവസമാണെന്നായിരുന്നു അദ്വാനിയുടെ ഉദീരണം. ഇതൊന്നും ആ സംഭവങ്ങളെ മുതലെടുക്കാനോ അതിനിടയാക്കിയ പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളായി തുടരാനോ അവർക്ക് തടസ്സമായിട്ടില്ല. വിവാദ സി.ഡിയുടെ സ്ഥിതിയും അതുതന്നെ. എല്ലാം ആസൂത്രിതമായ അശ്രദ്ധയും അബദ്ധവും. പാർട്ടിക്ക് ഒരുത്തരവാദിത്വവുമില്ല. പക്ഷേ, ന്യൂനപക്ഷ മതവിഭാഗങ്ങൾ അതിനു വില നൽകിയേ പറ്റൂ. ആ വില ബി.ജെ.പിയുടെ അക്കൗണ്ടിൽ വരികയും വേണം. ■